**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **06-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് ആശങ്ക ഒഴിയാത്ത സാഹചര്യത്തിൽ ഇത്തവണത്തെ ശബരിമല തീർത്ഥാടനത്തിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന സൗകര്യങ്ങളും നിയന്ത്രണങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച സാമൂഹിക അകലം പാലിച്ച് ദർശനം നടത്താനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ തീർത്ഥാടനം സംബന്ധിച്ച മുന്നൊരുക്കം, പമ്പ, എരുമേലി എന്നിവിടങ്ങളിലെ ആശുപത്രികളുടെ സൗകര്യം, RTPCRടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം തുടങ്ങിയ എല്ലാ മേഖലകളിലും ആരോഗ്യ വകുപ്പും റവന്യൂ (ദേവസ്വം) വകുപ്പും സംയുക്തമായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം നവംബർ 16 മുതൽ നടത്തുന്ന തീർത്ഥാടനത്തിന് അനുവദിക്കേണ്ട ഇളവുകൾ, തീർത്ഥാടകരുടെ എണ്ണം എന്നിവ അന്തിമമായി തീരുമാനിച്ചിട്ടില്ല. |
| (ബി) | ശബരിമല തീർത്ഥാടനത്തിനുള്ള ഒരുക്കം സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിലും ദേവസ്വം ബോർഡ് തലത്തിലും അവലോകനം നടത്തിയിരുന്നോ; | (ബി) | അവലോകനയോഗം നടത്തിയിരുന്നു. കോവിഡ് മഹാമാരികാരണം കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ KSRTC ബസ്സുകളുടെ എണ്ണം, ജീവനക്കാരുടെ എണ്ണം എന്നിവ ക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനും തീർത്ഥാടനം പൂർണ്ണമായ തോതിൽ നടത്താൻ കഴിഞ്ഞാൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ വിന്യസിക്കുന്നതിനും പോലീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരുടെ സഹായത്തോടെ നിലയ്ക്കൽ വാഹന പാർക്കിംഗ് സൗകര്യം കൂട്ടുന്നതിനും 07/07/2021 ന് ബഹു.ഗതാഗത മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ശബരിമലയിലും കൂടാതെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഇടത്താവളങ്ങളിലെല്ലാം കുടിവെള്ള ലഭ്യത, ഭക്ഷണം, ടോയ്ലറ്റ് സൗകര്യം ,വിശ്രമം, ആരോഗ്യ പരിരക്ഷ തുടങ്ങിയ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളൊരുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് മന്ത്രി 16/06/2021 നും 07/09/21നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും കിഫ്ബി ഉദ്യോഗസ്ഥരുടേയും എൻ.ബി.സി.സി ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചിരുന്നു. തുടർന്ന് 28/06/2021ന് ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 06/07/2021 ന് ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും , 07/07/2021 ന് പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും, ഗതാഗത വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിലും, മന്ത്രിമാരുടേയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻ പ്രകാരമുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28/06/2021ന് വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29/06/2021 ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥ തലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ 29/06/2021നും 9/07/2021നും 19/07/2021നും പ്രിൻസിപ്പൽ സെക്രറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 02/08/21 ന് വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്ന് ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ട് നൽകുന്നതിന് എതിർപ്പില്ലെന്ന് ബഹു.ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് തീരുമാനമെടുത്തു. |
| (സി) | ആവശ്യമായ ഗതാഗത സൗകര്യം ഒരുക്കുന്നതിനും ഇടത്താവളങ്ങളിലും ശബരിമലയിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അവലോകനയോഗം നടത്തിയിരുന്നു. കോവിഡ് മഹാമാരികാരണം കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ KSRTC ബസ്സുകളുടെ എണ്ണം, ജീവനക്കാരുടെ എണ്ണം എന്നിവ ക്രമീകരിച്ച് സർവ്വീസ് നടത്തുന്നതിനും തീർത്ഥാടനം പൂർണ്ണമായ തോതിൽ നടത്താൻ കഴിഞ്ഞാൽ കൂടുതൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ വിന്യസിക്കുന്നതിനും പോലീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരുടെ സഹായത്തോടെ നിലയ്ക്കൽ വാഹന പാർക്കിംഗ് സൗകര്യം കൂട്ടുന്നതിനും 07/07/2021 ന് ബഹു.ഗതാഗത മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന |

| | | | |
|---|---|---|---|
| | | | യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ശബരിമലയിലും കൂടാതെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ഇടത്താവളങ്ങളിലെല്ലാം കുടിവെള്ള ലഭ്യത, ഭക്ഷണം, ടോയ്‌ലറ്റ് സൗകര്യം ,വിശ്രമം, ആരോഗ്യ പരിരക്ഷ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് മന്ത്രി 16/06/2021 നും 07/09/21നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും കിഫ്ബി ഉദ്യോഗസ്ഥരുടേയും എൻ.ബി.സി.സി ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചിരുന്നു. തുടർന്ന് 28/06/2021ന് ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 06/07/2021 ന് ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും , 07/07/2021 ന് പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും, ഗതാഗത വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിലും, മന്ത്രിമാരുടേയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻ പ്രകാരമുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28/06/2021ന് വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29/06/2021 ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥ തലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ 29/06/2021നും 9/07/2021നും 19/07/2021നും പ്രിൻസിപ്പൽ സെക്രറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 02/08/21 ന് വനം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്ന് ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ട് നൽകുന്നതിന് എതിർപ്പില്ലെന്ന് ബഹു.ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് തീരുമാനമെടുത്തു. |

സെക്ഷൻ ഓഫീസർ